# തൗഹീദീജ്ഞാനം

ജമാൽ കടന്നപ്പള്ളി

**വിശുദ്ധ** ഖുർആൻ പറയുന്നു: "അതിനാൽ പ്രവാചകരേ, നന്നായി അറിഞ്ഞുകൊള്ളുക: അല്ലാഹുവല്ലാതെ ആരും ഇബാദത്തിനർഹനല്ല" (*മുഹമ്മദ്* 19). ഈ സൂക്തത്തിൽ അല്ലാഹു ആദ്യം ആവശ്യപ്പെടുന്നത് അറിവ് നേടാനാണ്. അതായത് അറിവുകളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് തൗഹീദീജ്ഞാനം. വിശ്വാസവും കർമവും ഉദ്ദിഷ്ടഫലം ചെയ്യണമെങ്കിൽ അറിവ് കൂടിയേ തീരൂ. പണ്ഡിതന്മാർ തൗഹീദിനു പറഞ്ഞ സംക്ഷിപ്തമായ അർഥംതന്നെ 'അല്ലാഹു ഏകനാണെന്ന് അറിഞ്ഞു' എന്നത്രെ. മാത്രമല്ല ഈമാൻ എന്നതും അറിവാണ്. അറിവ്, ദൃഢവിശ്വാസം എന്നീ പദങ്ങളുടെ അറബിശബ്ദമാണ് ഈമാൻ. സത്യമെന്നംഗീകരിക്കുക-*തസ്ദീഖ്*- എന്നാണ് ഈമാന്റെ ഭാഷാർഥം. ഒരു സംഗതി ഗ്രഹിച്ച് അതിൽ പൂർണമായി അടിയുറച്ച് വിശ്വസിക്കുകയും അതിനെതിരെ യാതൊന്നും ഒരിക്കലും സമ്മതിക്കാതിരിക്കലുമാണ് ഈമാൻ കൊണ്ടുദ്ദേശ്യം. ഇത്രയും നടക്കണമെങ്കിൽ അറിവ് കൂടിയേ തീരൂവെന്ന് പറയേണ്ടതില്ല. അതുകൊണ്ടാണ് വിശ്വാസത്തിന്റെ അടിത്തറയാണ് അറിവ് എന്ന് പണ്ഡിതന്മാർ രേഖപ്പെടുത്തിയത്. ഖുർആൻ പറഞ്ഞു: "നിശ്ചയം, അല്ലാഹുവിന്റെ ദാസന്മാരിൽ ജ്ഞാനികൾ മാത്രമേ അവനെ ഭയപ്പെടുകയുള്ളൂ" (*ഫാത്വിർ* 28). 'ലാ ഇലാഹ ഇല്ലല്ലാഹ് മുഹമ്മദുർറസൂലുല്ലാഹ്' എന്ന സമ്പൂർണ തൗഹീദീവചനം വിജ്ഞാനത്തിന്റെ കലവറയാണ്. തൗഹീദിന്റെ നാനാവശങ്ങളെക്കുറിച്ചുമുള്ള ഈ അറിവിൽതന്നെ അതിശ്രേഷ്ഠവും അതിബൃഹത്തുമായ അറിവ് അല്ലാഹുവെക്കുറിച്ച അറിവത്രെ. ദൈവത്തെക്കുറിച്ച അറിവ്! അതൊരു വൻ പ്രകാശവിസ്മയമാണ്! വാക്കുകളും ചിന്തകളും നിസ്തേജമാകുന്ന അനന്തമായ അറിവ്!! അറിയുംതോറും അറിയുന്നില്ലായെന്നറിയുന്ന അദൃശ്യമായ, പ്രപഞ്ചാതീതമായ അറിവ്!!! ഈ അറിവിന്റെ അംശങ്ങൾ അല്ലാഹു അവന്റെ ഇഷ്ടദാസന്മാർക്ക് ദാനമായി നൽകും. അതത്രെ സൂറഃ *അൽബഖറ*യിൽ പറഞ്ഞ ഹിക്മത്ത്: "അവൻ ഇഛിക്കുന്നവർക്ക് ഹിക്മത്ത് നൽകുന്നു. ഹിക്മത്ത് ലഭിച്ചവനോ, അവന് മഹത്തായ സമ്പത്ത് ലഭിച്ചുകഴിഞ്ഞു. ബുദ്ധിമാന്മാർ മാത്രമേ ഈ ഭാഷണങ്ങളിൽനിന്ന് പാഠമുൾക്കൊള്ളുകയുള്ളൂ" (2:269). ഹിക്മത്ത് എന്ന സംജ്ഞ വിശുദ്ധ ഖുർആൻ വിവിധ അർഥങ്ങളിൽ പ്രയോഗിച്ചിട്ടുണ്ട്. അവ മുന്നിൽവെച്ച് ചിന്തിക്കുമ്പോൾ എത്തുന്ന നിഗമനം അല്ലാഹുവെക്കുറിച്ച അറിവും പ്രസ്തുത അറിവിൽനിന്നുത്ഭവിക്കുന്ന ഋജുവായ ഇസ്ലാമിക ജ്ഞാനവുമാണ് ഹിക്മത്ത് എന്നത്രെ. അഥവാ ഹിക്മത്ത് എന്നത് സമഗ്രമായ ഇസ്ലാമിക അറിവാണ്. അതിന്റെ ശിരസ്സ് ദൈവത്തെക്കുറിച്ച അറിവും. 'അൽഹകീം' എന്ന ദിവ്യനാമത്തെ വ്യാഖ്യാനിച്ചുകൊണ്ട് ഇമാം ഗസ്സാലി (റ) എഴുതുന്നു: "ഹിക്മഃ ഉള്ളവൻ എന്നാണിതിന്റെ അർഥം. ശ്രേഷ്ഠമായ കാര്യം ശ്രേഷ്ഠമായ വിജ്ഞാനത്തിലൂടെ അറിയുക- ഇതാണ് ഹിക്മഃ എന്നു പറയുന്നത്. ഏറ്റവും ശ്രേഷ്ഠകരമായ കാര്യം അല്ലാഹുവാണല്ലോ. അവന്റെ യാഥാർഥ്യത്തെയും രഹസ്യത്തെയും കുറിച്ച് അവനല്ലാതെ മറ്റാർക്കുമറിയില്ല. അതിനാൽ അല്ലാഹുവാണ് യഥാർഥ ഹകീം. കാരണം അവൻ ഏറ്റവും മഹത്തായ കാര്യമറിയുന്നു; ഏറ്റവും മഹത്തായ വിജ്ഞാനത്തിലൂടെ. അനാദിയും ശാശ്വതവും നഷ്ടപ്പെടാൻ സാധ്യതയില്ലാത്തതും യാഥാർഥ്യത്തോട് പരിപൂർണമായി യോജിക്കുന്നതും അവ്യക്തതയോ സംശയമോ ഇല്ലാത്തതുമായ ജ്ഞാനമാണല്ലോ ഏറ്റവും മഹത്തായ ജ്ഞാനം. ഈ ഗുണങ്ങൾ അല്ലാഹുവിന്റെ ജ്ഞാനത്തിനേയുള്ളൂ" (*ദിവ്യനാമങ്ങൾ* പേജ് 91,92).

പണ്ഡിതന്മാർ ഏറെ നുള്ളിയുരച്ച ഹിക്മത്ത് വിശുദ്ധ ഖുർആൻ വിവിധോദ്ദേശ്യത്തോടെയാണ് പ്രയോഗിച്ചിട്ടുള്ളത്. ദൈവത്തെക്കുറിച്ച അറിവ്, പ്രവാചക സുന്നത്ത്, ലക്ഷ്യബോധമുള്ള ശാസ്ത്രജ്ഞാനം, യുക്തിദീക്ഷ... എന്നിങ്ങനെ. എന്നാൽ ഇവയുടെയൊക്കെ അന്തിമമായ ലക്ഷ്യം വിശ്വാസിയുടെ സമഗ്രമായ സാംസ്കാരിക ശിക്ഷണമത്രെ. 'ഒരു കാര്യത്തെ അതിന്റെ ഏറ്റവും അനുയോജ്യമായ സ്ഥാനത്ത് വെക്കലാണ് ഹിക്മഃ' എന്ന് പണ്ഡിതന്മാർ വ്യാഖ്യാനിച്ചത് അതുകൊണ്ടാണ്. ഹിക്മത്ത് നേടിയെടുക്കാനുള്ള സുപ്രധാനമായ മാർഗം ചിന്തയാണ്. പ്രപഞ്ചത്തെയും മനുഷ്യനുൾപ്പെടെയുള്ള സൃഷ്ടികളെയും നിരീക്ഷിച്ചുകൊണ്ട് (ഇവിടെയാണ് ഹിക്മ ലക്ഷ്യബോധമുള്ള ശാസ്ത്രമാവുന്നത്) അല്ലാഹുവിങ്കലെത്തുക. ഉദാഹരണത്തിന് നംറൂദ് എന്ന സ്വേഛാധിപതിയോട് ഇബ്റാഹീം(അ) സംവദിക്കുമ്പോൾ നടത്തുന്ന പരാമർശം കാണുക: "ഇബ്റാഹീം പറഞ്ഞു: എങ്കിൽ അല്ലാഹു സൂര്യനെ കിഴക്കുനിന്നുദിപ്പിക്കുന്നു. നീ അതിനെ പടിഞ്ഞാറുനിന്ന് ഉദിപ്പിക്കുക. അപ്പോൾ ആ സത്യനിഷേധി ഉത്തരം മുട്ടി" (*അൽബഖറ* 258). ഒറ്റനോട്ടത്തിൽ ഇബ്റാഹീം (അ) പറഞ്ഞത് ലളിതമായ ഒരു കാര്യമാണ്. എന്നാൽ ബുദ്ധി ഉപയോഗപ്പെടുത്തുകയാണെങ്കിൽ അപ്പറഞ്ഞതിൽ ധാരാളം ശാശ്വത സത്യങ്ങളടങ്ങിയതായി കാണാം. എന്നാൽ നമ്മുടെ സ്ഥിതിയോ? വിശുദ്ധ വേദഗ്രന്ഥം തന്നെ അത് ഇങ്ങനെ രേഖപ്പെടുത്തുന്നു: "ആകാശങ്ങളിലും ഭൂമിയിലും എത്രയെത്ര ദൃഷ്ടാന്തങ്ങളാണുള്ളത്! ഈ ജനം അവയിലൂടെ കടന്നുപോയ്ക്കൊണ്ടിരിക്കുന്നു. അവർ അവയെ പരിഗണിക്കുന്നേയില്ല" (*യൂസുഫ്* 105).

ഒരു വിശ്വാസി, ഇസ്ലാമിക പ്രവർത്തകൻ സദാ ഹകീമാവാൻ ശ്രദ്ധിക്കേണ്ടതുണ്ട്. അതിന് പണ്ഡിതന്മാർ രേഖപ്പെടുത്തിയ 5 ലക്ഷണങ്ങൾ ശ്രദ്ധിക്കുക: 1. അല്ലാഹുവെ മനസ്സിലാക്കാനുള്ള, അവന്റെ ഗുണഗണങ്ങളെ അറിയാനുള്ള ശ്രമങ്ങളും തജ്ജന്യമായ ഉൾക്കാഴ്ചയും വിശ്വാസദാർഢ്യവും. 2. തിന്മ സ്പർശിക്കാത്ത ഒരു മനസ്സ് നിർമിച്ചെടുക്കാനുള്ള കഠിനശ്രമം. 3. സംസാരത്തിൽ മാന്യതയും നന്മനിറഞ്ഞ മൗനവും. 4. മനുഷ്യരോടുള്ള ആർദ്രതയും അനുകമ്പയും തദടിസ്ഥാനത്തിൽ ധനം വ്യയം ചെയ്യാനുള്ള ത്വരയും. 5. ദഅ്വാ മേഖലയിൽ തികഞ്ഞ സരളതയും സഹാനുഭൂതിയും യുക്തിദീക്ഷയും.

വിശുദ്ധ ഖുർആനെ അല്ലാഹു നിരവധിയിടങ്ങളിൽ ഹിക്മത്ത് എന്ന് വിളിച്ചിരിക്കുന്നു. ഖുർആൻ കാണുക: 'അലി

ഫ്-ലാം-റാ. തിൽക ആയാതുൽ കിതാബിൽ ഹകീം' (*യൂനുസ്* 1,2). 'യാസീൻ, വൽ ഖുർആനിൽ ഹകീം' (*യാസീൻ* 1,2). മഹാപ്രവാചകന്മാർ ഹകീമുകളാണ്. മാത്രമല്ല ലുഖ്മാന് ഹിക്മഃ നൽകിയതായി അല്ലാഹു പറയുന്നുണ്ട് (*ലുഖ്മാൻ* 12). ഇബ്നു അബ്ബാസ് (റ) പറയുന്നു: "പ്രവാചകൻ (സ) എന്നെ അണച്ചുപിടിച്ച് ഇങ്ങനെ പ്രാർഥിച്ചു: അല്ലാഹുവേ ഇവന് നീ ഹിക്മത്ത് പഠിപ്പിക്കേണമേ" (ബുഖാരി). ഒതുക്കി പ്പറഞ്ഞാൽ അറിവ് നേടലാണ് ഒരു മുവഹ്ഹിദിന്റെ പ്രഥമവും പ്രധാനവുമായ കടമ. എങ്കിലേ നമ്മുടെ ഈമാൻ വളരുകയും നാഥന്റെ ഹിക്മത്ത് ദാനമായി ലഭിക്കുകയുമു ള്ളൂ. അറിവില്ലാതെ ചെയ്യുന്ന ആരാധനാകർമങ്ങളും ഇസ്ലാമിക പ്രവർത്തനങ്ങളും ഉദ്ദിഷ്ട ഫലം ചെയ്യില്ല. 'ഊത്തുൽ ഇൽമ' (വിജ്ഞാനം നൽകപ്പെട്ടവർ) വിശുദ്ധ ഖുർ ആൻ ഏറെ വാഴ്ത്തിയ വിഭാഗമത്രെ. മാത്രമല്ല, നബി(സ)യോട് അല്ലാഹു കൽപിച്ചത് വിജ്ഞാനവർധനവിനുവേണ്ടി പ്രാർഥിക്കാനാണ്. "അല്ലാഹുവേ, എനിക്ക് നീ വിജ്ഞാനം വർധിപ്പിച്ചുതരേണമേ" (*ത്വാഹാ* 14). അതിനാൽ യഥാർഥ മുവഹ്ഹിദു കൾ വായനയും പഠനവും ദിനചര്യയുടെ ഭാഗമാക്കണം. ലക്ഷ്യത്തെയും നയങ്ങ ളെയും പറ്റി നല്ല ബോധമുള്ളവരാകണം. ■